Mr. A. S. Harihara Ayyar.—In supporting this resolution I have only to recommend to the Government that our State is badly wanting in grazing grounds. The general rule in agriculture is that one-fifth acreage of the arable land must be allotted in every village for grazing grounds. So in the assignment of future areas; that are being excluded from forest areas in all those villages wherever exclusions are made one-fifth acreage may be used as public grazing ground and the rest alone assigned.

Mr. T. M. Krishna Menon.—The Government do realise the necessity of having more cattle grounds. As observed by the Hon'ble Member for Trichur there is difficulty to find places to be set apart as grazing grounds especially in towns like Trichur, Ernakulam and Mattancheri. Lands will have to be acquired for the purpose as no porombokes are available. In Trichur there is a cry for having recreation grounds, for football, tennis, etc., and we have been on the look out for a plot of ground for the last so many months, myself the Chief Engineer, and Mr. Ikkanda Warriar and we could not come across any place which is suitable for the purpose. The difficulty to find proper grazing grounds must be greater. There is a rural reconstruction committee which is now going on with the work of ascertaining questions like this and it is hoped that they will offer valuable suggestions in the matter. When their report is received, Government will consider what action should be taken.

Mr. V. Achyuta Menon.—In view of the leader's assurance I don't press the motion. I withdraw.

The resolution was withdrawn with leave of of the House.

59. Malayalam the medium of instruction etc.

Mr. K. Ayyappan.—This Council recommends to the Government to make Malayalam the medium of instruction in the schools of the state, and the official language of the Government except in their correspondence to the Paramount Power.

ഇതിനേക്കാൾ പ്രാധാന്യമേറിയ ഒരു നിശ്ചയം ഈ സഭയിൽ കൊണ്ടുവരാനുണ്ടെന്നു എനിക്കു തോന്നുന്നില്ല. ഇതിനെ എതിരു ആരെങ്കിലും പറയുമെങ്കിൽ അവർ പറയാൻ പോകുന്ന ഒരു പ്രധാന സംഗതി ഇംഗ്ലീഷു മുതലായ ഭാഷകളുടെ ഗുണാധിക്യത്തെ ആസ്പദമാക്കിയായിരിക്കും. മലയാള ഭാഷയേക്കാൾ പലപ്രകാരത്തിലും പ്രാധാന്യം കുടിയതും പ്രചാരമേറിയതും ചില കാരണങ്ങളാൽ നമുക്കു ഒഴിക്കാൻ പാടില്ലാത്തതുമായ ഒരു ഭാഷയാണു" ഇംഗ്ലീഷ്" എന്നു ഞാൻ സമ്മതിക്കുന്നു. ഇംഗ്ലീഷ് മാതൃഭാഷ ആക്കാൻ വളരെക്കാലംകൊണ്ടെങ്കിലും സാധിക്കുമായിരു

LIBRARY ARCHIVES Kerala Legislative Assembly

ന്നെങ്കിൽ മലയാള ഭാഷയെ നിർബ്ബന്ധം നശിപ്പിച്ചിട്ടു ഇംഗ്ലീഷ് ഭാഷതന്നെ എടുക്കാൻ ശ്രമിക്കാമായിരുന്നു. മലയാള ഭാഷ നമ്മുടെ ഭാഷയായതുകൊണ്ടു അതിനെ വെച്ചു പോറാണമെന്നുള്ള താഠംകൊണ്ടല്ല ഞാൻ ഈ നിശ്ചയം കൊണ്ടുവരുന്നതു്. നാം എത്രതന്നെ ശ്രമിച്ചാലും അന്യഭാഷയെ മാതൃഭാഷയാക്കാൻ സാധിക്കയില്ലെന്നതുകൊണ്ടു നമ്മുടെ ഭാഷയുടെ അഭിവൃദ്ധി കൂടാതെ നമ്മുടെ കഠംച്ചർ എന്നു പറയുന്നതിനെ പരിപോഷിപ്പിക്കാൻ നമുക്കു നിവൃത്തിയില്ലാതെ വരുന്നു. നമ്മുടെ നാഗരീകത വളരുന്നു എന്നു പറഞ്ഞാൽ സൂക്ഷ്മത്തിൽ നമ്മുടെ ഭാഷ വളരുന്നു എന്നാണ് അർത്ഥം. നമ്മുടെ കഠംച്ചർ, നമ്മുടെ സംസ്കാരം, നമ്മുടെ നാഗരീകത ഇതെല്ലാം വളർത്തി നിലനിർത്തിക്കൊണ്ടു പോകണമെങ്കിൽ നമ്മുടെ ഭാഷവഴിമാത്രമെ സാധിക്കയുള്ളു. നമ്മുടെ സകല ജീവിത വ്യവഹാരങ്ങളും ആ ഭാഷയിൽ ആക്കണം. നാം എല്ലാം നശിച്ചാലും നമ്മുടെ ഭാഷവഴി മാത്രമാണ് നമുക്കു അനശ്വരത്വം കിട്ടുന്നതും. നമ്മുടെ ആത്മാവു് എന്നു പറയുന്ന ഒന്നുണ്ടെങ്കിൽ അതു നമ്മുടെ ഭാഷയിൽ സ്ഥിതിചെയ്യുന്നു എന്നു പറഞ്ഞാൽ തെറ്റായിരിക്കയില്ല. നമ്മുടെ ഭാഷയെ അഭിവൃദ്ധിപ്പെടുത്തണമെങ്കിൽ നമ്മുടെ സകലവിധ ജീവിത വ്യവഹാരങ്ങളും നമ്മുടെ ഭാഷയിലാക്കണം. ഇപ്പോൾ നമ്മുടെ രാജ്യത്തുള്ള ചിന്തകന്മാരെല്ലാം മലയാളഭാഷയെ ഉപേക്ഷിച്ചിരിക്കയാണ്. മലയാളഭാഷയെ അവർ ഉപയോഗിക്കുന്നില്ല. അന്യഭാഷയിൽ കൂടി അവരുടെ ജ്ഞാനം സമ്പാദിക്കുന്നു. അവർ അന്യഭാഷയിൽ അവരുടെ ജ്ഞാനം കൈകാര്യം ചെയ്യുന്നു. അവർ അതിൽ പറയുന്നു; അതിൽ പ്രസംഗിക്കുന്നു; അതിൽ എഴുതുന്നു. അതുകൊണ്ടു ഇംഗ്ലീഷ് ഭാഷക്കു വല്ല സാഫല്യവും കിട്ടുന്നുണ്ടോ? ഒരിക്കലുമില്ല. നാം മലയാളത്തെ ഉപേക്ഷിക്കുന്നതിനാൽ നമ്മുടെ ജീവിതത്തെ വളർത്താനുള്ള ഒരു ആയുധമായ നമ്മുടെ ഭാഷയെ നശിപ്പിക്കുന്നു വെന്നല്ലാതെ അതുകൊണ്ടു വേറെ ഒരു പ്രയോജനവും ഉണ്ടാകുന്നില്ല. സ്കൂളുകളിൽ മാതൃഭാഷ മീഡിയം ഒഫ് ഇൻസ്ട്രക്ഷൻ ആക്കണമെന്നുള്ള വാദം കൊച്ചി സംസ്ഥാനത്തു പുതുതായി ഞാൻ കൊണ്ടുവരുന്നതല്ല. ഒരു സായ്പ് ഇവിടെ ഡയറക്ടരായിരുന്നപ്പോൾ അദ്ദേഹം അപ്രകാരം ചെയ്യാൻ ഉത്സാഹിച്ചുനോക്കി. അദ്ദേഹം ഭാഷയുടെ മർമ്മമറിഞ്ഞ മഹാൻ. വിദ്യാഭ്യാസമർമ്മം അറിഞ്ഞ മഹാൻ. ഒരു രാജ്യത്തിലെ ജനസമുദായത്തിന്റെ ഉൽക്കർഷത്തിനായി എന്തു ആയുധം പ്രയോഗിക്കണമെന്നു അറിഞ്ഞ മഹാൻ. വേണ്ടത്തോളം പ്രോത്സാഹനം അദ്ദേഹത്തിനു രാജ്യത്തിൽ നിന്നും കിട്ടാത്തതുകൊണ്ട് അദ്ദേഹം തുടങ്ങിവച്ച ആ നല്ല സംഗതി നടപ്പാക്കാൻ സാധിച്ചില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഡാക്ടർ എ. ജി. മേനോൻ.—അതു ഏതു സായ്പാണ്?

മിസ്റ്റർ കെ. അയ്യപ്പൻ.—മിസ്റ്റർ പോപ്പ്. ഒരു ജനസമൂഹത്തിന്റെ നാഗരീകതയേയും അഭിവൃദ്ധിയേയുംവർദ്ധിപ്പിക്കണമെങ്കിൽ അവരവരുടെ മാതൃഭാഷയിൽ വിദ്യാഭ്യാസം നൽകണമെന്ന പരമാർത്ഥം ഇപ്പോൾ പരക്കെ സമ്മതിക്കപ്പെട്ടു തുടങ്ങീട്ടുണ്ട്. പുതുക്കോട്ട ലെജിസ്ലേറ്റീവ് കൌസിലിലെ നടപടികൾതമിഴിലാണെന്നാണ് അറിയുന്നതു. യൂറോപ്പിൽ ഭിന്നരാജ്യപ്രതിനിധികൾചേർന്നുനടക്കുന്ന വലിയ കൊൺഫറൻസുകളിൽ അവരവരുടെ മാതൃഭാഷയാണ് ഉപയോഗിക്കുന്നതെന്നു അറിയുന്നുണ്ട്. നിരായുധീകരണ കാൺഫറൻസിൽ ജപ്പാൻ പ്രതിനിധി ജപ്പാൻ ഭാഷയിൽ പ്രസംഗിച്ചു. ഫ്രഞ്ചു പ്രതിനിധി ഫ്രഞ്ചുഭാഷയിൽപ്രസംഗിച്ചു. ഇംഗ്ലീഷ് പ്രതിനിധി ഇംഗ്ലീഷിലും ജർമ്മൻപ്രതിനിധി ജർമ്മൻഭാഷയിലും പ്രസംഗിച്ചു. മറുള്ളവർക്കു പ്രസംഗസാരം അറിയണമെന്നു ആവശ്യമുണ്ടെങ്കിൽ അവർ തർജ്ജമചെയ്യിച്ചു കേട്ടുകൊള്ളും അതുപോലെ നമ്മുടെ കാര്യം അറിവാൻ വേറെ ആരെങ്കിലും ആവശ്യമുണ്ടെങ്കിൽ നമ്മുടെഭാഷ അവർ പഠിച്ചു കൊള്ളും. അന്യന്മാർക്കു അറിയാൻവേണ്ട കാര്യം നമുക്കുണ്ടാകത്തക്കവിധം നമുക്കു പ്രാധാന്യംവരണം. ടാഗോറിന്റെ കവിത എന്താണെന്നു അറിയാൻലോകത്തിനു ആവശ്യമുണ്ടായപ്പോൾ അതു എത്ര വിദേശഭാഷകളിൽ തർജ്ജിമചെയ്തിരിക്കുന്നു. അങ്ങനെ ഒരു കവിത ബംഗാളിൽ ഉണ്ടായതു ബംഗാളികൾ ബംഗാളിഭാഷയോടുകാണിച്ച പ്രതിപത്തിനിമിത്തമാണ്. ഞാൻ ബങ്കാളിൽ പോയിട്ടില്ലെങ്കിലും അവിടെ ഇംഗ്ലീഷ് അറിയാവുന്നവരോടുപോലും ഇംഗ്ലീഷിൽ സംസാരിച്ചാൽ അവർ മറുപടി പറകയില്ലെന്നു കേട്ടിട്ടുണ്ട്. നാമും ഈ നിശ്ചയം എടുക്കയാണെങ്കിൽ നമ്മുടെ രാജ്യത്തു നടക്കുന്ന ഭാഷാകൊലപാതകം വളരെ കുറയുമെന്നാണ എന്റെ ബലമായ അഭിപ്രായം. (*Hear Hear*) ഇപ്പോൾ സർവ്വമ്മെണ്ടു റിക്കാർട്ടുകളിലെല്ലാം ഇംഗ്ലീഷ് അല്ലാതെ ഉപയോഗിക്കയില്ല. അതു ഇംഗ്ലീഷാണൊ? എറണാകുളം കോളേജ് മാഗസീൻതന്നെ ഇംഗ്ലീഷിലാണൊ നടത്തുന്നതു. ഞാൻ അവരെ കുറ്റം പറകയല്ലാചെയ്യുന്നതു. എറണാകുളം കോളേജ് മാഗസീനിൽ ഡോക്ടർ പുതുവാളെമറ്റാരുമാത്രം ഇംഗ്ലീഷ് എഴുതുന്നുണ്ട്. ശേഷമുള്ളതെല്ലാം ഒരുവക മണിപ്രവാളം, ആശയം ഇംഗ്ലീഷിൽ വരുത്തുന്നു. പദങ്ങൾ ഇംഗ്ലീഷിൽവരുന്നു. സർവ്വും ഇംഗ്ലീഷിൽവരുന്നു. എന്നിട്ടും അതു ഇംഗ്ലീഷല്ല. കാളേജിൽ ഇതുയെ ആവുന്നുള്ളുവെങ്കിൽ പിന്നെ ജനങ്ങൾക്കു എങ്ങിനെ ഇംഗ്ലീഷിൽ ആശയം കൈകാര്യം ചെയ്യാൻ സാധിക്കും. ഞാൻതന്നെ ഇവിടെ എത്ര ബുദ്ധിമുട്ടുന്നു. എനിക്കു ഇംഗ്ലീഷിനോടു ഒരു വഴക്കും ഉണ്ടായിട്ടല്ല. ആ പ്രയാസം എന്നെവച്ചുതന്നെ അളന്നു

LIBRARY ARCHIVES Kerala Legislative Assembly

നോക്കുക. ഇവിടത്തന്നെ വളരെ ആളുകൾ ഇംഗ്ലീഷിൽ പ്രസംഗിക്കാൻ വശമില്ലാതെ പ്രയാസപ്പെട്ടു കഴിച്ചുകൂട്ടുന്നുണ്ട്. മലയാളത്തിൽ പറഞ്ഞാൽ അനായസ്സമായി. ഇംഗ്ലീഷിലായാൽ ആശയം സ്പഷ്ടമാക്കാൻ വിഷമം. ഇംഗ്ലീഷിൽ പറഞ്ഞാൽ അവരുടെ ഉള്ളിൽനിന്നും പുറപ്പെടുന്ന ശക്തിയോടുകൂടി പറയാൻ സാധിക്കയില്ലെന്നുവരും. അതിനാൽ പറയാനുള്ള സംഗതി വേണ്ടെന്നുവെക്കുകയാണ്. അതുകൊണ്ട് ഈ കൌൺസിലിൽ ദിവാൻജി അവർകളുടെ പ്രസംഗവും മലയാളത്തിലാകണം, ദിവാൻ സെക്രട്ടറിയുടെ പ്രസംഗവും മലയാളത്തിൽ ആകണം. സർവ്വ എഴുത്തുകുത്തുകളും മലയാളത്തിലായികഴിഞ്ഞാൽ മലയാളം വളരെ നന്നാകും, നമ്മുടെ നാഗരീകത വർദ്ധിക്കും, സംസ്കാരം കൂടും. മലയാളഭാഷക്കു വളർച്ചയുണ്ടാകും. ഇവിടത്തന്നെ നോക്കുക. നമ്മുടെ രാജ്യത്തെ ഭരിക്കാൻവന്ന ദിവാൻജിയോട് നമ്മുടെകാര്യം അറിയിക്കാൻ ഈ രാജ്യവാസികളെല്ലാം അദ്ദേഹത്തിന്റെ ഭാഷ പഠിക്കുന്നതോ, അദ്ദേഹം ഒരാൾ നമ്മുടെ ഭാഷപഠിക്കുന്നതോ ഏതാണ് എളുപ്പമെന്നു തീരുമാനിക്കുക. സായ്പിനെ നമ്മുടെ ആവശ്യങ്ങൾ അറിയിക്കുന്നതിനായി സായ്പ് നമ്മുടെഭാഷ പഠിക്കണമെന്നല്ലാതെ നാം സായ്പിന്റെ ഭാഷ പഠിക്കണമെന്നു ആരും പറയുകയില്ല. നമ്മുടെ കാര്യങ്ങൾ മലയാളത്തിലായിത്തീരുന്ന ഒരു കാലംവരണം. എന്നാലും നാം ഇംഗ്ലീഷ്, ഹിന്ദി മുതലായ ഭാഷകളുടെ പ്രാധാന്യം ഒരിക്കലും വിസ്മരിച്ചുകളയുകയും അരുത്. എറണാകുളം കോളേജിലെ പ്രധാന പ്രൊഫസർ മലയാളം പ്രൊഫസർ ആയിത്തീരണം. ഇങ്ങിനെയുള്ള ഒരു കാലംവരാൻ ഞാൻ സന്തോഷംകൊണ്ടുകൊണ്ട്—പക്ഷെ അതു ഒരുദിവസംതന്നെ ആയിരിക്കാം—ഞാൻ ഈനിശ്ചയത്തെ അവതരിപ്പിക്കുന്നു. അതിനെ ബഹുമാനപ്പെട്ട മെമ്പർമാർ അനുകൂലിക്കുമെന്നും വിശ്വസിക്കുന്നു.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ—ഞാൻ അതിനെ അനുകൂലിക്കുന്നു.

Mr. A. B. Salem.—I rise to oppose this resolution and I do it upon the ground of knowledge, union, utility and progress. It is not local patriotism alone that has to be looked into in this matter. We are rapidly going into union with the world, and may I ask the Hon'ble Mover whether it is possible, with his fullest equipment of Malayalam, to have any useful purpose served, if his life is cast on the other side of the ghats. A boy trained in Malayalam throughout his scholastic career, by giving him instructions in the schools here, may go to a Tamil or Canarese district and of what use will he be with his Malayalam alone? Of what use will he be in a commercial firm?

LIBRARY ARCHIVES Kerala Legislative Assembly

Mr. K. Mohamed Seethi.—Nobody says that he should not learn English.

Mr. A. B. Salem.—With all the love and patriotic ferver, we can allow Malayalam no higher place than the second place in instruction. I do not say Malayalam should not be taught. Teach Malayalam very well. It will be easily assimilated, because it is the language of the locality. But is it possible to reverence the progress of the world with Malayalam? What is the knowledge in Engineering that is imbeded in Malayalam? What is the knowledge in the law of the courts in all the High Courts, in all the British Courts and in all the American Courts? In what language do they tell? Is it possible to bring all those and hoard in Malayalam literature?

Mr. K. Ayyappan.—Why not?

Mr. A. B. Salem.—I say from a practical point of view it is almost impossible. It is very difficult to have Mathematics in Malayalam. And in medicine, I don't know in what way you will translate even the names of medicines which the whole world takes in Latin Language, as far as European countries are concerned. So that we will be having the same progress if we translate all our ideas—and want to translate all our ideas—in Malayalam, as you will have if you proceed from Ernakulam to Thrippunithura in a bullock cart instead of a motor car. You must get in a bullock cart. That is the cart of the country. That is patriotic. Our bullocks will be fed. It is the cheapest. And the world will not stand against it. I do not oppose it upon any grounds which are frivolous. I oppose it on utilitarian grounds. It would be absolutely useless. Let us take an instance and the tendency of the world. In Japan in all the commercial schools Latin script is taught. They want the Commercial people to understand the Latin script. And commercial gentlemen coming from Japan and from all parts of the world, Germany, etc., into the Mattancheri bazaar in what language do they talk? It is nothing but in English. One whole continent of America is speaking English. Japanese are also learning English. The whole of Africa is learning English. The whole of Palestine is you will see, becoming English. India has been going on with that language. Is it possible for anybody to carry on with the vernacular in India itself? Mahatma Gandhi regretted at the last Lahore Conference that we are not able to talk, when we come together from different parts of the country, in a common Indian language. And of course Hindi is the language. And even there why have this unnecessary patriotism? If Hindi is not our language, and if we are going on speaking English for hundred years why not continue that? And moreover there is

LIBRARY ARCHIVES Kerala Legislative Assembly

another thing. We are becoming more united with some western power or other. And if we are to continue in partnership, our ideas must penetrate there. Our local ideas, in Malayalam, Tamil, Telugu, Maharatti and all the rest, must get imbeded in one common language; and get into the brains of others also. Therefore so long as this partnership remains, and even after the partnership, it will be to the good of this country, to continue to have a world language and to make as much effort to make that world language go everywhere. I can understand that the masses will not go. Have you heard of any country in which culture is for the masses?

Mr. K. Mohamed Seethi.—Yes.

Mr. A. B. Salem.—Yes, tell me one.

Mr. K. Mohamed Seethi.—Japan.

Mr. A. B. Salem.—Neither in Japan, nor in England, nor n the Continent you have the masses. I emphatically say our mass literary qualification, mass culture, is only for the few of our own world. It will remain for the few. How many of the pupils that you put in the primary schools of the State come out from the B. A. classes? If you put a hundred of them, I can emphatically challenge if 15 of them can come up from the B. A. classes. It is always so. This is a mischievous resolution, in my opinion, meant, if it is accepted by the House, to take our country backwards and as such I thought it my duty to oppose it with all the vehemence I could command. I do not think that I need labour the point any more. It is a more local patriotic resolution and as such we ought to give it only that much importance.

Mr. I. N. Menon.—It has been my good fortune to have to thank the Hon'ble mover and the Hon'ble opposer for their very eloquent speeches. My position is simply to explain to the House what the Government have done in this matter. I raised no controversies, because in my mind there is no room for controversy at all in a matter like this. Realising the advantage to education itself in having a familiar medium of instruction, Government resorted to this medium of instruction as far as possible and till the lower secondary grade of teaching is over, all the subjects are taught in Malayalam. (*Hear, hear.*) An attempt was made to extend this practice further up in the school ladder; the matter was discussed at the Headmasters' conference in 1928, and it was resolved that candidates might be allowed the option of answering their papers for their School Final examination in the Vernacular, so far as history, and geography are concerned. But it was felt by those teachers themselves that to extend this at present to the teaching of science and ad-

LIBRARY ARCHIVES Kerala Legislative Assembly

vanced Mathematics was not possible, not on the ground of patriotism or the reverse, but purely on the ground of practicability. (*Hear, hear.*) Having gone thus far, it was thought advisable to watch the results of these changes and if a case can be made out by the progress of vernacular teaching in these subjects, to extent the use of the vernacular to the other subjects also. All that the Government has to do now and for some time to come is to wait and watch the result of what has already been done. They have no brief for either the one or the other. They are simply making an experiment in the hope that what has been done will turn out fruitful. And in view of this I do believe that the Hon'ble mover will admit that there is no occasion for this resolution.

മിസ്റ്റർ കെ. എം. സീതി.—ഈ പ്രമേയത്തെ അനുകൂലിച്ചു സംസാരിക്കുന്നതു മലയാളത്തിൽതന്നെ ആയിരിക്കണമെന്നു ഞാൻ കരുതുന്നു. അതിനെന്റെ മാന്യ സ്നേഹിതൻ യഹൂദമെമ്പർ എന്നെ ശകാരിക്കയില്ലല്ലൊ.

Mr. A. B. Salem.—I know Malayalam.

മിസ്റ്റർ കെ. എം. സീതി.—എന്റെ മാന്യസ്നേഹിതൻ യഹൂദമെമ്പറിനു മലയാളം അറിയാമെന്നു അദ്ദേഹം പറയുന്നു. അതിനാൽ അദ്ദേഹം ശകാരിക്കയില്ലെന്നു ആശ്വസിക്കാം. അറിവ്, ഐകമ്യം, പ്രയോജനം, അഭിവൃദ്ധി എന്നു മൂന്നു നാലു വലിയ വലിയ വാക്കുകൾ പറഞ്ഞുകൊണ്ടാണ് ഈ പ്രമേയത്തെ യഹൂദമെമ്പർ എതിർത്തതു. എന്റെ മാന്യസ്നേഹിതൻ തന്റെ പ്രസംഗത്തിൽ ഒട്ടുംതന്നെ വിശാലമനസ്കത പ്രദർശിപ്പിച്ചിട്ടില്ല. ഇത്രത്തോളം വീതിയില്ലാത്ത, അഭിവൃദ്ധിയില്ലാത്ത ആശയത്തോടുകൂടിയ വേറൊരു പ്രസംഗം ഈ കൌൺസിലിൽ അദ്ദേഹംചെയ്തിട്ടുള്ളതായി കാണുകയില്ല. എന്റെ സ്നേഹിതൻ രാജ്യഭരണതന്ത്രത്തെപ്പറ്റി പറയുമ്പോൾ സാമാന്യക്കാർക്കു നടപ്പിൽ വരുത്താൻ സാധിക്കാത്തതായ പ്രമാണങ്ങൾ പറയും, ധനതത്വശാസ്ത്രങ്ങളെപ്പറ്റിപ്പറയുകയാണെങ്കിൽ ആരും ഇതുവരെ കേട്ടിട്ടില്ലാത്ത പ്രമാണങ്ങൾ പറയും; സാമുദായിക കാര്യങ്ങളെ വ്യവഹരിക്കുമ്പോൾ അത്യൽകൃഷ്ടങ്ങളായ ആശയങ്ങൾ വിളമ്പും.

Mr. A. B. Salem.—He is attacking me personally. I do not think that the Hon'ble Member is entitled to attack me personally. I have not attacked him.

President.—Did he intend any personal attack?

Mr. A. B. Salem.—He says that my propositions are frivolous.

Mr. K. Mohamed Seethi.—That shows that the Hon'ble Member does not understand Malayalam which he said he did understand. I never said that his propositions were frivolous.

LIBRARY ARCHIVES Kerala Legislative Assembly

If he says that I did, I must take it that he does not know Malayalam.

എന്റെ മാന്യ സ്നേഹിതനായ യഹ്ലദമെമ്പറിന്റെ ഇത്ര അരിശം വരുന്നതിന്റെ അർത്ഥം എന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല. ഈ പ്രമേയത്തെ സംബന്ധിച്ചേടത്തോളം അദ്ദേഹത്തിന്റെ പ്രമാണങ്ങൾ അർത്ഥരഹിതങ്ങളാണെന്നും ഇതൊഴിച്ചു് മറേറതുവിഷയത്തെസംബന്ധിച്ചുപറയുമ്പോഴും അദ്ദേഹം വലിയ ഉല്പതിഷ്ണുവാണെന്നുമാണു ഞാൻപറയുന്നതു. ആരും കേട്ടിട്ടില്ലാത്ത നവംനവങ്ങളായ പ്രമാണങ്ങൾ കൊണ്ടുവരും എന്നുപറഞ്ഞതു അഭിനന്ദനമായിവിചാരിക്കാതെ ആക്ഷേപമായി അദ്ദേഹം വിചാരിച്ചുപോയി. ഞാൻ അദ്ദേഹത്തെ മറുകായ്ങ്ങളിൽ അഭിനന്ദിക്കയാണചെയ്തതു. മറു വിഷയങ്ങളെസംബന്ധിച്ചു വലിയവലിയ തത്വങ്ങൾ പറയുന്ന എന്റെ മാന്യസ്നേഹിതൻ യഹ്ലദമെമ്പർ ഈ വിഷയത്തെസംബന്ധിച്ചു സംസാരിച്ചപ്പോൾ അദ്ദേഹത്തിന്റെ വിശാലമനസ്കത പ്രദർശിപ്പിക്കാഞ്ഞതിൽ ഞാൻ നിർവ്യാജം വ്യസനിക്കുന്നു. മലയാളഭാഷയെസംബന്ധിച്ചു ശരിയായ അറിവു ഇല്ലാത്തതുകൊണ്ടാണു നിസ്സാരമായ ചില ന്യായങ്ങളും പ്രമാണങ്ങളും വച്ചുകൊണ്ടു" അദ്ദേഹം ഇതിനെ എതിർത്തത.

Mr. A. B. Salem.—I think you have absolutely misunderstood.

മിസ്റ്റർ കെ. എം. സീതി.—അദ്ദേഹം വീണ്ടും വീണ്ടും അരിശപ്പെടുന്നതുകൊണ്ടു അദ്ദേഹത്തിനു മലയാളം അറിഞ്ഞുകൂടെന്നും അദ്ദേഹം അങ്ങിനെ പറഞ്ഞതു ശരിയല്ലെന്നും ഞാൻ വിചാരിക്കുന്നു. ഒരുകുസൃതിപ്രമേയം എന്നുപറയുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ച ചേതോവികാരം എന്താണെന്നുമനസ്സിലാകുന്നില്ല.

Mr. A. B. Salem.—He is attacking me. I feel it so and I should give expression to that feeling.

Mr. K. Mohamed Seethi.—I have not attacked the Hon'ble Member. If he does not want me to controvert what he said he may say so. I do not think it is worthy of an Hon'ble Member of this House to ask the Chair to stop me when I am giving expression to nothing but reasonable and unexceptional sentiments.

President.—The Hon'ble Member may continue.

മിസ്റ്റർ കെ. എം. സീതി.—യഹ്ലദമെമ്പർ ഒരു സംഗതി പ്രത്യേകം ആലോചിക്കേണ്ടതുണ്ടു". അദ്ദേഹം ഏതൊരു പ്രമാണത്തെ അസ്ഥലമാക്കി ഈ പ്രമേയത്തെ എതിർത്തിട്ടുണ്ടൊ ആ പ്രമാണങ്ങളെ അസ്ഥലമാക്കിത്തന്നെ അദ്ദേഹത്തിന്റെ വാദങ്ങൾ അർത്ഥരഹിതങ്ങളാണെന്നു ഞാൻ തെളിയിക്കാം. പ്രയോജനത്തെപ്പററി ചിന്തിക്കുന്നപക്ഷം നാം എന്തിനാണു ഈ വിജ്ഞാനവും

LIBRARY ARCHIVES Kerala Legislative Assembly

സംസ്കാരവും അറിവും എല്ലാം സമ്പാദിക്കുന്നതു്. നമ്മുടെ നാട്ടിലുള്ള ആളുകൾക്കു് ഉപകാരപ്പെടാൻ വേണ്ടിയാണു്. നമ്മുടെയിടയിൽ ഇംഗ്ലീഷ് ഭാഷ പഠിച്ചിട്ടുള്ളവർ എത്രശതമാനമാണുള്ളതു്? നൂറിനു എത്രപേരുണ്ടാകും? ഏറ്റവും നിസ്സാരമായ ഒരു ശതമാനമേ ഉണ്ടാവുകയുള്ളു. ഇംഗ്ലീഷ് പഠിച്ചിട്ടുള്ള ഇത്രയും ചുരുക്കംപേരുടെ അറിവും വിജ്ഞാനവും ഈ രാജ്യത്തെ ജനങ്ങൾക്കു് ഉപയോഗപ്പെടണമെങ്കിൽ ആ ഭാഷാവഴി അതു പ്രചരിപ്പിക്കുവാൻ സാധിക്കുന്നില്ല. നാം പഠിച്ചറിഞ്ഞ സംഗതികൾ നമ്മുടെ ആളുകൾക്കു് പറഞ്ഞുകൊടുക്കാൻ കഴിഞ്ഞെങ്കിലല്ലാതെ നമ്മുടെ ഇംഗ്ലീഷ് പഠിപ്പുകൊണ്ടു് ഒരു പ്രയോജനവും ഉണ്ടാവുകയില്ല. യൂട്ടിലിറ്റി അഥവാ പ്രയോജനമാണ് അദ്ദേഹം ഒന്നാമത്തെ കാരണമായി പറഞ്ഞതു്. പ്രയോജനം ഉണ്ടാകണമെങ്കിൽ ഏതൊരു വിജ്ഞാനവും സംസ്കാരവും നമ്മുടെ ഭാഷയിൽ പഠിപ്പിക്കാനും നമ്മുടെ ഭാഷയിൽ പ്രസംഗിക്കാനും നമ്മുടെ ഭാഷയിൽ പറഞ്ഞുകൊടുക്കാനുമുള്ള ഘട്ടം വരണം. ഇന്നു ആ വിജ്ഞാനവും സംസ്കാരവും പഠിപ്പിക്കത്തക്ക വിശാലത നമ്മുടെ ഭാഷക്കുണ്ടോ എന്നാണു് അദ്ദേഹം ചോദിക്കുന്നതു്. ഒരു ഭാഷയെ പരിപോഷിപ്പിക്കുന്നതിനു വിജ്ഞാനവും സംസ്കാരവും പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങൾ ഉണ്ടാക്കുവാൻ പരിശ്രമിക്കണം. പുതിയ പുതിയ ഭാഷാശൈലികൾ കണ്ടുപിടിക്കണം. വാക്കുകൾ ഇല്ലെങ്കിൽ മറുഭാഷയിലെ പദങ്ങൾതന്നെ ഈ ഭാഷയിലും സ്വീകരിക്കണം. ഗ്രന്ഥനിർമ്മാണത്തിനു ഒരു കമ്മിറ്റി ഏർപ്പെടുത്തണം. ഈ മാർഗ്ഗത്തിൽ പരിശ്രമിക്കുന്ന ആളുകളെ പ്രോത്സാഹിപ്പിക്കണം. ജപ്പാനിൽ ഒരു ഭാഷയുണ്ടു് ചൈനയിൽ ഒരു ഭാഷയുണ്ടു് ആ ഭാഷകളെല്ലാം ഇന്നത്തെ ശാസ്ത്രങ്ങൾ പഠിപ്പിക്കുന്നതിനുപയുക്തമായ വിശാലതയുള്ള ഭാഷകളല്ലായിരുന്നു. അവിടെയുള്ള തത്വജ്ഞാനികളും ശാസ്ത്രകാരന്മാരും അവരുടെ വിജ്ഞാനത്തെയും സംസ്കാരത്തെയും പ്രയോഗിച്ചു് അവരുടെ ഭാഷയിൽ പ്രതിഫലിപ്പിക്കുവാൻ ശ്രമിച്ചു. ആ പരിശ്രമത്തിന്റെ ഫലം അവിടെ ഉണ്ടായി. ഏതൊരു വിജ്ഞാനവും ശാസ്ത്രവും ആ ഭാഷകളിൽ ഇന്നു പഠിപ്പിക്കുന്നു. എന്തിനു ദൂരെ പോകുന്നു! നമ്മുടെ അടുത്തുള്ള ഹൈദ്രബാദിനെതന്നെ എടുക്കുക. അവിടെ ഉസ്മാനിയാ യൂനിവേർസിറ്റി എന്നൊരു സർവ്വകലാശാലയുണ്ടു്. അവിടെ എല്ലാ വിഷയങ്ങളും പഠിപ്പിക്കുന്നതു് ഉർദ്ദുഭാഷയിലാണു്. എന്റെ മാന്യ സ്നേഹിതൻ യഹ്ളമെമ്പർ ഹൈദ്രബാദും പ്രസ്തുത സ്ഥാപനവും സന്ദർശിച്ചിട്ടുള്ള ഒരു ദേഹമാകയാൽ ഈ സംഗതിയെ അദ്ദേഹവും നിഷേധിക്കുമെന്നു തോന്നുന്നില്ല. ആ സർവ്വകലാശാലക്കാർ പ്രത്യേകം കമ്മിറ്റികളെ നിയമിച്ചു് ഉർദ്ദുവിൽ പുതിയ പുതിയ ഗ്രന്ഥങ്ങൾ എഴുതിച്ചുവരുന്നു. അവയ്ക്കു് ഉർദ്ദുവിൽ

LIBRARY ARCHIVES Kerala Legislative Assembly

പദങ്ങൾ കിട്ടാതെ വരുമ്പോൾ അവർ പുതിയ പദങ്ങൾ സൃഷ്ടിക്കുന്നു. അങ്ങിനെ ആശയങ്ങൾ സകലതും അവർ ആ ഭാഷയിലാക്കുന്നു. അവരവരുടെ മാതൃഭാഷയിൽ തന്നെ ശാസ്ത്രങ്ങൾ പഠിക്കുവാൻ ഇടവരുന്നതുകൊണ്ട് വിദ്യാർത്ഥികളുടെ ആശയങ്ങൾ വിശാലമായിവളരുന്നു. ഭാഷക്കു വിശാലത ഉണ്ടാകും. സകല വിജ്ഞാനവും സംസ്കാരവും പ്രതിപാദിക്കത്തക്കവണ്ണം നമ്മുടെ ഭാഷയേയും വിശാലപ്പെടുത്തണം. അതിനു ഭാഷയ്ക്കു ഔദ്യോഗികമായ സ്വീകാരം വേണ്ടതാണ്. എന്റെ മാന്യ സ്നേഹിതൻ യഹ്ലദമെമ്പർക്കു ഇംഗ്ലീഷ് ഭാഷയിൽ പാണ്ഡിത്യമുണ്ടെന്നു സമ്മതിക്കാമെങ്കിലും അദ്ദേഹത്തിന്റെ ചിന്തകളെല്ലാം മലയാളത്തിലായിരിക്കുമെന്നു പറയാതെ തരമില്ല. മനുഷ്യർ ചിന്തിക്കുന്നതു അവരവരുടെ മാതൃഭാഷകളിലേ ആയിരിക്കയുള്ളൂ. ഒരു ജപ്പാൻകാരൻ ജപ്പാൻ ഭാഷയിലായിരിക്കും ചിന്തിക്കുന്നതു. ഒരു ഇംഗ്ലീഷ്കാരൻ ഇംഗ്ലീഷിൽ ചിന്തിക്കുന്നു. ജർമ്മൻ, ജർമ്മൻഭാഷയിലായിരിക്കും ചിന്തിക്കുക. അന്യഭാഷ ഉപയോഗിക്കേണ്ടിവരുന്ന ഒരാൾതന്റെ ചിന്തകളെ ആ അന്യഭാഷയിലേക്കു മനസ്സിൽ വെച്ചുതന്നെ തർജ്ജമചെയ്യുന്നു. എന്നിട്ടു ആ ഭാഷയിൽ സംസാരിക്കുന്നു. ഇങ്ങിനെ ചെയ്യാൻ എത്ര ബുദ്ധിമുട്ടും, എത്ര ക്ലേശവും മനസ്സിനു എത്ര ക്ഷീണവും ഉണ്ടാകും? ഇംഗ്ലീഷ്കാർ അവരുടെ ഭാഷയിൽതന്നെ ചിന്തിച്ചു അവരുടെ ഭാഷയിൽതന്നെ ആശയങ്ങൾ പ്രകടിപ്പിക്കുന്നതുകൊണ്ടാണു നവീനമായ ചിന്തകൾക്കു അവർക്കു ഉത്സാഹവും സൌകര്യവും ഉണ്ടായിട്ടുള്ളതു്. ഭാരതീയർക്കു ഇന്നത്തെ വിദ്യാഭ്യാസംകൊണ്ടു ആശയനവീനത്വം (originality) ഇല്ലാതായിട്ടുണ്ടു്. അതുകൊണ്ടാണു് സ്വഭാഷയിൽകൂടി കുട്ടികൾക്കു് സർവ്വവിജ്ഞാനവും നൽകണമെന്നു പറയുന്നതു്. ആ വിജ്ഞാനം വിദ്യാർത്ഥികൾ സ്വഭാഷയിൽ കൂടെ സമ്പാദിക്കുന്നതായാൽ കുട്ടികൾക്കു് ആശയ നവീനത്വം ഉണ്ടാകും. ഇംഗ്ലീഷ് ഭാഷക്കു് എന്തുകൊണ്ടാണു് വിശാലത ഉണ്ടായതു്? കുറെകാലങ്ങൾക്കു മുമ്പു് ആ ഭാഷ എത്ര ചെറിയ ഒരു ഭാഷയായിരുന്നു. ഇംഗ്ലീഷുകാർ മറുഭാഷകളെ ആശ്രയിച്ചു അവരുടെ ഭാഷയെ ഒരു വിശാലമായ ഭാഷയാക്കിത്തീർത്തു. എന്തുകൊണ്ടു നമുക്കും മറുഭാഷകളെ അനുകരിച്ചു് മലയാളത്തെ പോഷിപ്പിച്ചുകൂടാ? ഈ പ്രമേയത്തെ സ്വീകരിച്ചു് മലയാളഭാഷ താവമ്മേണ്ടു സ്വന്ത ഭാഷയായും, എഴുത്തുകുത്തുകൾക്കായും ഉപയോഗിക്കുന്നപക്ഷം നാട്ടുകാർക്കു് കൂടുതൽ പ്രയോജനമുണ്ടാകും. ഭാഷക്കു വളരാൻ സാധിക്കും. ഈ കൌൺസിലിൽതന്നെ എത്ര ആളുകൾ നമ്മുടെ നടപടികൾ അറിവാനായി വന്നിരുക്കുന്നു. നാം ഇംഗ്ലീഷിൽ പറഞ്ഞാൽ അവരിലധികംപേർക്കും ഒന്നും മനസ്സിലാക്കാൻ സാധിക്കയില്ല. എന്റെ മാന്യ സ്നേഹിതൻ യഹ്ലദമെമ്പറാണു് ഈ

LIBRARY ARCHIVES Kerala Legislative Assembly

പ്രമേയം സ്വീകരിക്കുന്നതുകൊണ്ട് അധികം ഗുണം ഉള്ളതു്. അദ്ദേഹം പറയുന്ന ഭാഷയിൽനിന്നും മറെറാരു ഭാഷയിലേക്കു അദ്ദേഹത്തിന്റെ പ്രസംഗം തർജ്ജമചെയ്യിട്ടും അദ്ദേഹത്തെ പത്രങ്ങളും പൊതുജനങ്ങളും അഭിനന്ദിക്കുന്നതായി കാണുന്നു. എന്നാൽ ഈ പ്രമേയം സ്വീകരിക്കുന്നപക്ഷം അദ്ദേഹത്തിന്റെ ആശയം മറവുള്ളവർക്കു് ശരിക്കു മനസ്സിലാക്കാനും ജനങ്ങളിൽനിന്നും കൂടുതൽ അഭിനന്ദനങ്ങൾ ലഭിക്കാനും ഇടയാകുന്നതാണു്. ആ അഭിനന്ദനങ്ങൾ കാലെകൂട്ടി വരട്ടെ എന്നു ഞാൻ ആഗ്രഹിക്കുമ്പോൾ എന്തുകൊണ്ടു് അദ്ദേഹത്തിനു അരിശം വരുന്നു എന്നു മനസ്സിലാകുന്നില്ല. ഈ പ്രമേയം അഭിവൃദ്ധിക്കു വിപരീതമാണെന്നാണു് എന്റെ മാന്യസ്നേഹിതൻ യൂറോപ്യൻമെംബർ വീണ്ടും പറയുന്നതു്. ശാസ്ത്രീയ പുസ്തകങ്ങൾ നമ്മുടെ ഭാഷയിൽ ഇല്ലെന്നാണു് കാരണവും. നമുക്കു് നമ്മുടെ ഭാഷയിൽ സംസാരിക്കുവാൻ ശക്തിയില്ലാ എന്നു പറയുന്നതു് എത്ര ലജ്ജാവഹമായ ഒരു സംഗതിയാണു്. നമ്മുടെ ആളുകൾക്കു് നമ്മുടെ ഭാഷയിൽ സംസാരിക്കാൻ പാടില്ലെന്നു അദ്ദേഹം പറയുന്നതു് എത്ര അത്ഭുതകരമായിരിക്കുന്നു. നമ്മുടെ സ്കൂളുകളിൽ നമ്മുടെ ഭാഷപഠിപ്പിക്കണമെന്നു പറയുമ്പോൾ മറുഭാഷകൾ പഠിപ്പിക്കരുതെന്നു അർത്ഥമാകുന്നില്ല. നമ്മുടെ ആളുകൾക്കു് മറുഭാഷകളിലെ വിജ്ഞാനം പഠിക്കാൻ എന്തു വഴിയാണുള്ളതെന്നു് എന്റെ മാന്യസ്നേഹിതൻ പറഞ്ഞിട്ടില്ല. അദ്ദേഹം എവിടെ നിന്നോ ഈ വാദമുഖങ്ങളെ വലിച്ചിഴച്ചു കൊണ്ടുവന്നു എന്നല്ലാതെ അതിനുള്ള പരിഹാരമല്ല നിർദ്ദേശിക്കുന്നതു്. നമ്മുടെ അറിവു വർദ്ധിച്ചാൽ നാം ഉയർന്നവരും, നമ്മുടെ ചിന്തകൾ ഉൽകൃഷ്ടങ്ങളാകും. അതിനു സൌകര്യമുണ്ടാകണമെങ്കിൽ മാതൃഭാഷാവഴി കൂടുകൾക്കു് വിദ്യാഭ്യാസം നല്കുകയും നമ്മുടെ സകല വ്യവഹാരങ്ങളും ആ ഭാഷാവഴി നടത്തുകയും വേണം. അപ്പോൾ അഭിവൃദ്ധി ഉണ്ടാകും, ഐകൃമുണ്ടാകും പൊതുജനങ്ങൾ ഉൽകൃഷ്ടമായി ചിന്തിക്കാൻ തുടങ്ങും. അതിനാൽ ഈ പ്രമേയത്തെ ഞാൻ ബലമായി പിന്താങ്ങുന്നു.

Dr. A. R. Menon.—Sir, when this resolution was brought forward a few years ago it was my painful duty to oppose that resolution and consistent with the same reasoning I am going today to oppose this resolution again. Let it not be understood that I do so, because I have got great proficiency in the English language or because I have no belief in the development of the indigenous language or the language of our own mother tongue, but because there are various reasons for and against the acceptance of this proposition and the Government in the long run, I honestly believe, would find that the acceptance of this resolution is likely to do more harm than good. That is the only reason.

LIBRARY ARCHIVES Kerala Legislative Assembly

The mover of this resolution correctly observed that when anybody is standing here to give expression to his thought, he feels it very difficult to find the correct words or express correct ideas, and nobody feels it more keenly than I do and I can certainly appreciate that statement. But I can also say that nobody has felt it more difficult in speaking in my own mother tongue in a public meeting than I myself have done. Therefore it is not a question of the language, but it is a question of how you may make use of your opportunities that present themselves and you have equipped yourselves. If you have done so to a very great extent with regard to a foreign language such difficulties are felt when you express that language and if you neglect your own mother tongue you will find the same difficulty in expressing your ideas in that language also. That is what I have to say on this resolution.

When we consider this question it is always a mistake to think and to speak of India as one country and as possessing one language. The cases quoted, cases of Japan, China and other countries, are not analogous to the case of India. India is a country of diverse religions, diverse languages and diverse civilizations, and diverse races if you like, and in a country like this it is essential that you should have one language which is capable of communicating ideas of people, living in different parts of this country. There is only one thing, so far as I know, that has obtained an eminence to discharge this primary function of nation building, namely the English language. True, Hindi has made great strides in Northern India, but unfortunately it has not yet made any progress in the South, an amount of progress that should enable us to replace the English language. This language of Malayalam is spoken and made use of as the mother tongue of a population of about 10 million people and in this country of 360 millions of population, 10 millions is like a drop in an ocean. The English language is spoken as mother tongue by nearly one third of the human race and a large portion of people of other nationalities. I can only say that the proposition before us is a thoughtless one. It should be clearly understood that the greatness of a language consists in its literature and in its science and I feel very diffident that, but for the English language, men of such international reputation, of such great eminence, as Professor Bose as Professor Radhakrishnan and last but by no means the least Sir C. V. Raman—men who have raised the name, the prestige and the greatness of this land in the estimation of the whole world, would not have been known at all. When you talk of science you must consider that there must be ample facilities in the form of books

LIBRARY ARCHIVES Kerala Legislative Assembly

to teach the students. As the Jewish Member observed it will be even very difficult to coin those words and to convey the idea of those words by coining new words. Such being the case, as I observed, when the tendency is not nationalism in the narrowest sense of the term but a spirit of amalgamation and when a spirit of humanism is pervading all over the world and refusing any colour, country and language, is it the proper time for us to go back and say that we shall only encourage our mother tongue, or what is tantamount to saying, that we will so arrange that the progress of the English language as a mother tongue in the country shall be checked to a very great extent? If there is one matter of pride to both the rulers and the ruled of India it is the great language and literature that they are establishing in this country and which has enabled us to imbibe the principles of nationalism even both scientific truths and a wide vista of literature that was opened before our eyes and the language which can be only grasped by others through the main medium of this great English language. When this language was introduced by Lord Macaulay, he was thinking what will be the condition of this country after one hundred years? No prophecy has become so true as the one which was prophesied by Lord Macaulay. It is this language that has bound us together. Without a common language there cannot be a nation and a common sentiment; and it is necessary that such a language should bind us together the various components of the heterogeneous masses into a homogeneous one, and in course of time and in centuries hereafter or any decades hereafter. If anybody comes and finds this, there is no necessity to press the country for a common language. I hope and I earnestly trust that there would be this gain, namely the persistence of the language of the people who came here and have established it permanently. And it is my fervent hope that in course of time in spite of a foreign language all the difficulties of a foreign language will disappear and we shall have no necessity then to constitute a medium of communication between the various parts of India. It is because, I believe, that it is only by the English language that a proper study of politics, science, literature etc., will be possible. So I whole heartedly support this English language. At the same time let it not be understood for a moment that I lack any patriotism and I want to do anything injurious to the progress of our country and that I am opposing the promoters of the mother tongue. Let us be generous in giving facilities for the continuation and development and for the use of both the languages.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. അയ്യപ്പൻ.—വിദ്യാഭ്യാസ മെംബർ എന്റെ നിശ്ചയത്തിന്റെ ഉദ്ദേശത്തെ സമ്മതിച്ചിരിക്കുന്നതിൽ ഞാൻ വളരെ സന്തോഷിക്കുന്നു. അദ്ദേഹം സമ്മതിച്ചില്ലായിരുന്നുവെങ്കിൽ ഞാൻ വളരെ വ്യസനിക്കുമായിരുന്നു. ഈ രാജ്യത്തെ കുട്ടികളുടെ വിദ്യാഭ്യാസത്തെ നയിക്കുന്ന വിദ്യാഭ്യാസ മെംബർ, ബഹുമാനപ്പെട്ട ഇല്ലിവപേരൂർ മെംബറിന്റെ മാതിരി ആശയമാണ് വച്ചിരുന്നതെങ്കിൽ അതുവാസ്തവത്തിൽ വ്യസനിക്കത്തക്ക ഒരുസംഗതിതന്നെആകുമായിരുന്നു (*Hear, hear*). തല്ക്കാലം ഈനിശ്ചയത്തെ നടപ്പാക്കാൻ ചില പ്രയാസങ്ങളുണ്ടെന്നാണ് അദ്ദേഹം പറയുന്നതു.

മിസ്റ്റർ ഐ. എൻ. മേനോൻ.—ഞാൻ ആ പ്രയാസങ്ങളെ തീർത്തുവരുന്ന രീതിയെപ്പറ്റിയാണ് പറയുന്നതു.

മിസ്റ്റർ കെ. അയ്യപ്പൻ.—ദേശാഭിമാനമൊ, ഭാഷാഭിമാനമൊ പാലിക്കാൻവേണ്ടിയല്ല ഞാൻ ഇതു കൊണ്ടുവന്നിട്ടുള്ളതു. ഇംഗ്ലീഷുഭാഷ, നമ്മുടെ മാതൃഭാഷയാക്കാൻ ഒരു നൂറാണ്ടു കാലം കൊണ്ടെങ്കിലും സാധിക്കുമെന്നുണ്ടെങ്കിൽ അതിന്നുവേണ്ടി ശ്രമങ്ങൾ തുടങ്ങാമെന്നും മലയാളഭാഷ നശിച്ചുകൊള്ളട്ടെ എന്നുവെയ്ക്കാമെന്നും ആദ്യമെതന്നെ ഞാൻ പറഞ്ഞിട്ടുണ്ട്. ജ്ഞാനസമ്പാദനത്തിന്നു പ്രത്യേകിച്ചു രാജ്യതന്ത്രജ്ഞാനസമ്പാദനത്തിന്നു ഇംഗ്ലീഷ് വേണമെന്നു ചിലർ പറയുകയുണ്ടായി. നാം സമ്പാദിക്കുന്ന ജ്ഞാനം നമ്മുടെ നാട്ടിൽ പ്രയോഗത്തിൽ വരണമെങ്കിൽ മലയാളം വേണമെന്നാണ് ഞാൻ പറയുന്നതു. ഇപ്പോൾ ചുരുക്കം ചിലരുടെ സൌകര്യത്തിന്നുവേണ്ടിയാണ് ഇംഗ്ലീഷ് ഗവർമ്മെണ്ടു ഭാഷയായി വെച്ചിരിക്കുന്നതു. കേരളത്തിലെ ൧൦൦ ലക്ഷം ജനങ്ങളിൽ എത്രപേർക്കു ഇംഗ്ലീഷറിയാം. ഈ ൧൦൦ ലക്ഷത്തിന്റെ ജ്ഞാനസമ്പാദനസൌകര്യത്തെപ്പറ്റി ഇംഗ്ലീഷ് പക്ഷപാതികൾ ചിന്തിക്കുന്നില്ല. ഏതാനും ചിലർക്കു അറിവുണ്ടാകുമ്പോൾ തന്നെ ലോകം ഉജ്വലിക്കുന്നു. ആ സ്ഥിതിക്കു ബഹുജനങ്ങൾക്കു അറിവുപരക്കെ വന്നാലുള്ള ദീപ്തി എന്തായിരിക്കും. കേരളീയജനതക്കു അഭിവൃദ്ധിവേണമെങ്കിൽ ഈ പ്രമേയത്തിലെ തത്വം സ്വീകരിക്കാതെ നിവൃത്തിയില്ലെന്നാണ് ഞാൻ പറയുന്നതു. ജ്ഞാനം എപ്പോഴും ചുരുക്കം ചിലർക്കു മാത്രമെ ഉണ്ടായിരിക്കയുള്ളുവെന്നും അതുകൊണ്ടു ബഹുജനങ്ങളുടെ സൌകര്യത്തെ ഉദ്ദേശിച്ചുള്ള ഈ നിശ്ചയം സ്വീകരിക്കേണ്ടതു എന്നും ബഹുമാനപ്പെട്ട ഏതാനും മെംബർ പറയുകയുണ്ടായി. ജ്ഞാനം ഏതാനും ചിലരുടെ പ്രത്യേകസ്വത്തായിരിക്കുന്ന കാലംകഴിഞ്ഞുപോയി. അതു ബഹുജനങ്ങൾക്കു പരക്കെ കിട്ടത്തക്കസ്ഥിതിവരുത്താനാണ് ഇപ്പോൾ നാഗരീകലോകം ശ്രമിക്കുന്നതു യഥാർത്ഥ ജനാധിപത്യം സാധിക്കണമെങ്കിൽ ബഹുജനങ്ങളിൽ ജ്ഞാനം പരക്കണം. ജ്ഞാനം ചിലർക്കു മ-

LIBRARY ARCHIVES Kerala Legislative Assembly

തിയെന്നു പറയുന്നവരുടെ ജനാധിപത്യവാദത്തിനു അർത്ഥമില്ല. മാതൃഭാഷാവഴിയെ ബഹുജനവിദ്യാഭ്യാസം പരിപൂർണ്ണമായി സാധിക്കയുള്ളൂ. യഥാർത്ഥജനാധിപത്യം നടപ്പാകാനും ജനങ്ങൾക്കു അറിവുണ്ടാകാനും അവർ സ്വപരിശ്രമംകൊണ്ടു പുതിയ അറിവുകൾ നേടാനും ഇടവരണമെങ്കിൽ ജനങ്ങളുടെ പ്രധാനമായ സർവ്വവിധ ജീവിതവ്യവഹാരവും അവരുടെ മാതൃഭാഷയിലാകണം. അവർ വളരുന്നതോടുകൂടി ഭാഷവളരും. ഭാഷ വളരുന്നതോടുകൂടി അവരും വളരും. അങ്ങനെയാണ് സംസ്കാരം വളരുന്നു എന്നു പറയുന്നതു. മലയാളത്തിൽ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു ശാസ്ത്ര ഗ്രന്ഥങ്ങൾ ഇല്ലാത്തതുകൊണ്ടു ഇംഗ്ലീഷിനെ ശരണം പ്രാപിക്കണമെന്നാണ് ഒരു മെംബർ പറഞ്ഞതു. അന്യഭാഷകളിൽനിന്നു ശാസ്ത്രഗ്രന്ഥങ്ങളും മറ്റും മലയാളത്തിലേക്കു തർജ്ജമചെയ്യുവാൻ ഒരു പ്രയാസവും ഇല്ല. അതിനുമാത്രം ഭാഷ വളർന്നിട്ടില്ലെന്നു പറയുന്നവർക്കു ശാസ്ത്ര തർജ്ജമയെപ്പറ്റിയും, മലയാള ഭാഷയെപ്പറ്റിയും ശരിയായ ബോധം ഇല്ലെന്നെ വിചാരിക്കാനുള്ളൂ. ഇപ്പോൾ മലയാളത്തിൽ തർജ്ജമകളും സ്വതന്ത്ര കൃതികളും വേണ്ടുവോളം ഉണ്ടാകാത്തതിനു ഒരു പ്രധാനകാരണം നമ്മുടെ നവമ്മെണ്ടും രാജ്യത്തെ പണ്ഡിതലോകവും മലയാളഭാഷയെ അനാദരിച്ചിട്ടിരിക്കുന്നതുകൊണ്ടാണ്. മലയാളം നമ്മുടെ നവമ്മെണ്ടുഭാഷയും വിദ്യാഭ്യാസഭാഷയുമായാൽ മലയാള സാഹിത്യകാരന്മാരും ശാസ്ത്രഗ്രന്ഥകാരന്മാരും ഇപ്പോഴത്തെപ്പോലെ ദരിദ്രരായി കഴിയേണ്ടിവരില്ല. നല്ല ഗ്രന്ഥങ്ങൾ സ്വന്തമായും തർജ്ജമയായും എഴുതിയാൽ അതുകൊണ്ടു ആദായമുണ്ടാകുമെന്നുകണ്ടാൽ അതിൽ ശ്രമിപ്പാൻ വളരെപ്പേരുണ്ടാകും. മലയാളത്തെ നവമ്മെണ്ടു ഭാഷയും വിദ്യാഭ്യാസഭാഷയുമാക്കാതെ മലയാളത്തിലെ ഗ്രന്ഥദാരിദ്ര്യം ഒരിക്കലും തീരുകയില്ല. ഗ്രന്ഥദാരിദ്ര്യം തീർത്തിട്ടു മലയാളത്തെ നവമ്മെണ്ടു ഭാഷയും വിദ്യാഭ്യാസ ഭാഷയും ആക്കാമെന്നു വിചാരിക്കുന്നതു കുതിരയുടെ മുമ്പിൽ വണ്ടി കെട്ടുന്നതുപോലെയാണ്"

The resolution was withdrawn with leave of the House.

60. Departments into which Non-caste Hindu Officers have no access.

Mr. C. J. Mathew.—My resolution is:—"This Council recommends to the Government that they may be pleased to declare that caste-Hindu officers drawing lower pay than non-caste officers would not, by their appointment on higher pay to departments to which the non-caste officers have no access, gain any seniority over the latter, when they (the caste-Hindu officers) are reverted to the regular service.

The object of this resolution is simple enough. There are certain departments under the Government to which officers belonging to all castes and creeds could not get admission. I

LIBRARY ARCHIVES Kerala Legislative Assembly